ഇടമലയാർ ഡാമിന്റെ ചോർച്ച

* 222. [244] ശ്രീ. കെ. ി. കണാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഡാമിന്റെ ടണൽ ചോർച്ച തടയാനുള്ള നടപടികൾ പൂർത്തിയായോ ;

(ബി) അതിനുവേണ്ടി ചെലവാക്കിയ സംഖ്യ എത്ര ;

(സി) ഇടമലയാർ വൈദ്യുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഇല്ല. അവസാനഘട്ടപണികൾ നടന്നുകൊണ്ടിരിക്കുന്നു. 1986 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉദ്ദേശം ഒരു കോടി രൂപ.

(സി) ആദ്യത്തെ ജനറേറ്റർ 1986 ഡിസംബറിലും രണ്ടാമത്തേത് 1987 ജനുവരിയിലും കമ്മിഷൻ ചെയ്യാമെന്നാണ് പ്രതീക്ഷ.

റേഷൻ കാർഡുകൾ

* 223. [245] ശ്രീ. എം. ജിനദേവൻ :
,, വി. കേശവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ജി. വരദൻ ;
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കി കഴിഞ്ഞതിനുശേഷം സംസ്ഥാനത്ത് മൊത്തം എത്ര റേഷൻകാർഡുകൾ ഉണ്ട് ;

(ബി) പുതുക്കുന്നതിന് മുൻപ് ഇത് എത്രയായിരുന്നു ;

(സി) പുതുക്കുന്നതിനു മുൻപും പുതുക്കിയതിനുശേഷവും റേഷൻ അരി വിതരണത്തിലെ അളവ് യൂണിറ്റൊന്നിന് എത്ര ഗ്രാമാണ് ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 46,82,173. (നാൽപ്പത്താറു ലക്ഷത്തി എൺപത്തീരായിരത്തി ഒരുനൂറ്റി എഴുപത്തിമൂന്ന്) കാർഡുകൾ ഉണ്ട്.

(ബി) 43,59,180 (നാൽപ്പത്തിമൂന്നു ലക്ഷത്തി അൻപത്തൊൻപതിനായിരത്തി ഒരുനൂറ്റി എൺപത്.) കാർഡുകൾ ആയിരുന്നു.

(സി) പുതുക്കിയ കാർഡ് നിലവിൽവന്ന 3-11-1985-നു മുൻപ് യൂണിറ്റൊന്നിന് 110 ഗ്രാം ആയിരുന്നു വിതരണം ചെയ്തിരുന്നത്. 3-11-1985 മുതൽ 16-11-1985 വരെയുള്ള രണ്ടു ആഴ്ചകളിൽ യൂണിറ്റൊന്നിന് 100 ഗ്രാം എന്ന നിരക്കിലാണ് അരി വിതരണം നടത്തിയത്. തുടർന്ന് 17-11-1985 മുതൽ യൂണിറ്റൊന്നിന് 110 ഗ്രാം അരി എന്ന നിരക്കിലാണ് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly